"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് ആയിരിക്കവേ മരണപ്പെട്ട ശ്രീ.ജോൺ എ.എ-യുടെ മകനായ ശ്രീ.ആന്റണി സാൻജോ-ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.53/2024/LSGD തിരുവനന്തപുരം,തീയതി: 08-05-2024

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ ഉത്തരവ്
2. 21.02.2018-ലെ സ.ഉ.(പി) നം.5/2018ഉഭപവ ഉത്തരവ്
3. ശ്രീ.ആന്റണി സാൻജോ, അരേശേരിൽ ഹൗസ്,ഹൗസ് നം.145, കെ എസ് എച്ച് ബി, ഹരിതനഗർ, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581 സമർപ്പിച്ച 16.04.2022-ലെ അപേക്ഷ
4. ഗ്രാമവികസന കമ്മീഷണറുടെ 02.09.2022-ലെ 2729/എസ്റ്റാ.സി2/2022/സിആർഡി നമ്പർ കത്ത്
5. 14.07.2023-ലെ സ.ഉ.(പി) നം.12/2023/ഉഭപവ ഉത്തരവ്
6. തൃശ്ശൂർ ജില്ലാ കളക്ടറുടെ 18.03.2024-ലെ DCTSR /11351/2022- A6നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിലേക്കായി, തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് ആയി സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ജോൺ.എ.എ-യുടെ മകനായ ശ്രീ.ആന്റണി സാൻജോ, അരേശേരിൽ ഹൗസ്,ഹൗസ് നം.145, കെ എസ് എച്ച് ബി, ഹരിതനഗർ, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581 പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ ജോൺ.എ.എ-യുടെ ജനനതീയതി 09.03.1969-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 05.02.1996 ഉം ആണ്. ടിയാന് 25 വർഷം, 08 ദിവസം പെൻഷന് യോഗ്യതയുള്ള സേവനദൈർഘ്യമായി കണക്കാക്കിയിട്ടുണ്ട്.

അപേക്ഷകനായ ശ്രീ.ആന്റണി സാൻജോ-യുടെ ജനനതീയതി 16.04.2002ആണെന്നും ടിയാൾ പ്ലസ് ടു പാസ്സായിട്ടുണ്ട് എന്നും പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകൻ സമർപ്പിച്ച ഡിക്ലറേഷൻ പ്രകാരവും തൃശ്ശൂർ ജില്ലാ കളക്ടറുടെ പരാമർശം (6)-ലെ കത്ത് പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്നനിലയിൽ, അപേക്ഷകനായ ശ്രീ.ആന്റണി സാൻജോക്ക് ജോലിനൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം 7,98,648/-രൂപയാണെന്ന് (ഏഴ് ലക്ഷത്തി തൊണ്ണൂറ്റിഎട്ടായിരത്തി അറുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം (2)&(5)-ലെ വ്യവസ്ഥകൾ പ്രകാരമുള്ള സത്യവാങ്മൂലവും അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് .

മേൽറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് ആയി സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ജോൺ.എ.എ--യുടെ മകനായ ശ്രീ.ആന്റണി സാൻജോ,അരേശേരിൽ ഹൗസ്,ഹൗസ് നം.145, കെ എസ്

എച്ച് ബി, ഹരിതനഗർ, മുളങ്കുന്നത്തുകാവ്,തൃശ്ശൂർ-680581-ക്കു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ, തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ /തൊട്ടടുത്ത് ഉണ്ടാകാൻ ഇടയുള്ളതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

അപേക്ഷകന് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പ്രിൻസിപ്പൽ ഡയറക്ടർ നിയമനഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും, ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ബോധ്യപ്പെടുന്നപക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

ശ്രീ.ആന്റണി സാൻജോ,അരേശേരിൽ ഹൗസ്, ഹൗസ് നം.145, കെ എസ് എച്ച് ബി, ഹരിതനഗർ, മുളങ്കുന്നത്തുകാവ്,തൃശ്ശൂർ-680581 (രജിസ്റ്റേർഡ് പോസ്റ്റ്)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , സ്വരാജ് ഭവൻ , നന്തൻകോട് തിരുവനന്തപുരം (അനുബന്ധരേഖകൾ അസ്സൽ സഹിതം )
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja M
Date: 09-05-2024 10:42:28

സെക്ഷൻ ഓഫീസർ